# മഹാത്മാഗാന്ധി സർവ്വകലാശാല

# <u>നവകേരളം യുവകേരളം: സ്റ്റ്യൂഡൻസ് മീറ്റ്</u>

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ നയരൂപീകരണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി സമ്പർക്ക പരിപാടി

*ഫെബ്രുവരി 8-ാം തീയതി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നടക്കുന്ന നവകേരളം യുവകേരളം സ്റ്റുഡൻസ് മീറ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കോളേജ് പ്രിൻസിപ്പൽമാർ താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.*

1. *മുഖ്യമന്ത്രിയുമായി സംവദിക്കുന്നതിനുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി രണ്ട് വിദ്യാർത്ഥി പ്രിതിനിധികളും, മൂന്ന് അധ്യാപക പ്രതിനിധികളും, പ്രിൻസിപ്പലും ഉൾപ്പെടെ ആറ് പേർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപികരിക്കുകയും അതിൽ നിന്ന് ഒരു നോഡൽ ആഫീസറെ നിയമിക്കുകയും ചെയ്യുക.*
2. *ഇപ്രകാരം നിയമിക്കപ്പെടുന്ന നോഡൽ ഓഫീസറുടെ പേര്, ഫോൺ, നമ്പർ ഇ-മെയിൽ ഐഡി എന്നിവ താഴെ തന്നിരിക്കുന്ന ഗൂഗിൾ ഫോമിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.*
3. *വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി ഇതോടൊപ്പം ചേർത്തിരിക്കുന്ന വിഷയങ്ങളെ ആധാരമാക്കി മൽസരം സംഘടിപ്പിക്കുക.*
4. *താൽപര്യമുള്ള എല്ലാ വിദ്യാർത്ഥികൾക്കും മൽസരത്തിൽ പങ്കെടുക്കുവാനുള്ള അവസരം ഉറപ്പുവരുത്തുക.*
5. *തന്നിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെ കേന്ദ്രീകരിച്ച് സംക്ഷിപ്തമായ ഒരു കുറിപ്പാണ് വിദ്യാർത്ഥികൾ തയ്യാറാക്കേണ്ടത്. ഈ കുറിപ്പ് നൂറുവാക്കിൽ കവിയരുത് എന്ന് നിഷ്കർഷിക്കുക.*
6. *മത്സരം വ്യത്യസ്ത വിഷയങ്ങളെ ആധാരമാക്കിയാവണം. ഒരു കാരണവശാലും ഒരു വിഷയം മാത്രം എല്ലാ വിദ്യാർത്ഥികൾക്കുമായി തിരഞ്ഞെടുക്കരുത്.*
7. *ഇക്കാര്യത്തിനായി രൂപീകരിക്കപ്പെട്ട കമ്മിറ്റി വേണം ലഭിച്ച കുറിപ്പുകളെ ആധാരമാക്കി വിദ്യാർത്ഥികളെ തിരഞ്ഞെടുക്കേണ്ടത്. വ്യത്യസ്ത മേഖലയിൽ പ്രതിഭ തെളിയിച്ച വിദ്യാർത്ഥികളെയാവണം തിരഞ്ഞെടുക്കേണ്ടത്.*
8. *തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ പേര്, ഫോൺനമ്പർ, ഇ-മെയിൽ ഐഡി എന്നിവയ്ക്കൊപ്പം അവർ സമർപ്പിച്ച ലഘു ലേഖനവും സർവ്വകലാശാലയ്ക്ക് അയച്ചു തരുക.*
9. *മാക്സിമം 5 വിദ്യാർത്ഥിയുടെ പേരുകളാണ് ഒരു കോളേജിന് നിർദ്ദേശിക്കാവുന്നത്.*
10. *കോളേജുകളിലേയ്ക്ക് ''നവകേരളം യുവകേരളം സ്റ്റുഡന്റ്സ് മീറ്റ് '' എന്ന പേരിലുള്ള ഈ പരിപാടിയുടെ ഒരു ഇ-പോസ്റ്റർ അയച്ചുതരുന്നതായിരിക്കും. ആയത് എല്ലാ വിദ്യാർത്ഥികൾക്കും കാണാവുന്ന രീതിയിൽ കോളേജിന്റെ മുന്നിൽ പ്രദർശിപ്പിക്കേണ്ടതാണ്. അതോടൊപ്പം കോളേജിന്റെ വെബ്സൈറ്റ്, വാട്ട്സാപ്പ്, ഫെയ്സ്ബുക്ക് പേജ് മുഖേന പരമാവധി പ്രചരണം ഈ പരിപാടിക്ക് നൽകേണ്ടതാണ്.*

*ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന മറ്റൊരു ഗൂഗിൾ ഫോമിൽ കോളേജുകളുടെ സവിശേഷമായ നേട്ടങ്ങൾ (കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ നേട്ടങ്ങളായി കണക്കാക്കാവുന്നത്) ഇതോടൊപ്പം തന്നിരിക്കുന്ന ഗൂഗിൾ ഫോമിൽ അയച്ചു തരേണ്ടതാണ്.*

11. *മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സർവ്വകലാശാലയെ അറിയിക്കുക.*

## മത്സര വിഷയങ്ങൾ

1. ബിരുദതലത്തിലുള്ള ഗവേഷണ സാധ്യതകൾ
2. ഒരേ സമയം ഒന്നിലധികം ഡിഗ്രികൾ
3. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ
4. വെർച്ച്വൽ ലബോറട്ടറികൾ
5. സ്റ്റാർട്ടപ്പുകൾ
6. പരമ്പരാഗത പ്രോഗ്രാമുകളും  നവീന പ്രോഗ്രാമുകളും
7. തൊഴിലും കരിക്കുലവും
8. ഉന്നത വിദ്യാഭ്യാസ മേഖലയിലെ  നിക്ഷേപം: സാധ്യതകൾ
9. ക്യാമ്പസ് പ്ലേസ്മെന്റ്
10. വിദ്യാർത്ഥികൾക്കുള്ള സപ്പോർട്ട്
11. പഠനവിഷയം തിരഞ്ഞെടുക്കുന്നതിനുള്ള വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യം
12. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള മുൻതൂക്കം
13. തൊഴിലധിഷ്ഠിത പഠനത്തിന്റെ സ്വീകാര്യത
14. ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രാപ്യത
15. വ്യവസായിക മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ
16. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണ നിലവാരം ഉറപ്പാക്കുന്ന സംവിധാനങ്ങൾ
17. സാങ്കേതിക വിദ്യകളും ഉന്നത വിദ്യാഭ്യാസവും.
18. ലിംഗ വിവേചന രഹിത ക്യാമ്പസ്